# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 571

26.04.2017- ൽ മറുപടിയ്ക്ക്

## കോർ ബാങ്ക് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

**ശ്രീ. മഞ്ഞളാംകുഴി അലി**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) പ്രാഥമിക സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും തമ്മിൽ കോർബാങ്ക് സംവിധാനം നിലവിലില്ലാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോർ ബാങ്കിങ് സൗകര്യം നിലവിലില്ലാത്തത് കാർഷിക വായ്പാ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ആകെ വിതരണം ചെയ്യുന്ന വായ്പയുടെ 40 ശതമാനം നബാർഡ് പുനർ വായ്പയായി നൽകുന്നു. ബാക്കി തുക സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കുന്നു. കർഷകർക്ക് കാർഷികവായ്പ കിസാൻ ക്രെഡിറ്റ്കാർഡായി വിതരണം ചെയ്യണമെന്നും, ആയത് Rupay Kissan Card മുഖേന പിൻവലിക്കുന്നതിന് സംവിധാനം 31.03.2017 നകം ഏർപ്പെടുത്തണമെന്നും നബാർഡ് നിഷ്കർഷിച്ചിരുന്നു. കേരളത്തിൽ സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും കോർബാങ്കിംഗ് സംവിധാനത്തിൻകീഴിൽ വന്നിട്ടുണ്ട്. എന്നാൽ കാർഷിക വായ്പ വിതരണം ചെയ്യുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുമായി ചേർന്ന് എ.റ്റി.എം/ഡെബിറ്റ് കാർഡ് വിതരണം

ചെയ്യുന്നതിന് പൂർണ്ണമായും സാധിച്ചിട്ടില്ല. ഭാവിയിൽ ഇത് കാർഷിക വായ്പാ വിതരണത്തെ ബാധിച്ചേക്കാം.

(സി) കുറ്റമറ്റ സോഫ്റ്റ്‌വെയർ സംവിധാനങ്ങളും കോർ ബാങ്കിങ് സൗകര്യവും എ.ടി.എം. സംവിധാനവും സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ ബാങ്കുകളിലും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services) യുമായി നടത്തിയ ചർച്ചയെ തുടർന്നു സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

കോമൺ സോഫ്റ്റ്‌വെയറിലേക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ